I/5280814/2022

"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
<u>നടപടി തീർപ്പ്</u>
(ഹാജർ: എസ്. ഹരികിഷോർ ഐ.എ.എസ്)

നം.ഇ3/64/2022/ഐ&പി.ആർതീയതി, തിരുവനന്തപുരം(20-05-2022) .

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ് - മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം - സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസർമാരെ നിയോഗിച്ച്-ഉത്തരവാകുന്നു.

സൂചന: - ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.- 13) വകുപ്പിന്റെ 28.03.2022-ലെ സ.ഉ(സാധാ) നം.111/2022/ഉഭപവ.

<u>ഉത്തരവ്</u>

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി എല്ലാ ഓഫീസുകളിലും ചാർജ്ജ് ഓഫീസറെ നിയമിക്കേണ്ടതും വിശദാംശങ്ങൾ ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും സി.എം.ഒ. പോർട്ടൽ ചാർജ്ജ് ഓഫീസറുടെ മാനദണ്ഡങ്ങളും ചുമതലകളും വ്യക്തമാക്കി കൊണ്ട് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ഇക്കാര്യം പരിശോധിച്ചു. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറേറ്റിലെ വകുപ്പ് മേധാവിയുടെ തൊട്ട് താഴത്തെ തസ്തികയിലെ സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥനായ ഇ.എം.ഡി. വിഭാഗം അഡീഷണൽ ഡയറക്ടർ ശ്രീ.കെ.സന്തോഷ് കുമാറിനേയും, മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങളിൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരെയും, ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരെയും ചാർജ്ജ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവാകുന്നു. ചാർജ്ജ് ഓഫീസറെ സംബന്ധിച്ച വിശദാംശങ്ങൾ സൂചനയിലെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രകാരം തയ്യാറാക്കി ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതും ചാർജ്ജ് ഓഫീസർമാർ സൂചന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

S HARIKISHORE I A S
DIRECTOR

അഡീഷണൽ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ/ ഇ.എം.ഡി)
ഡെപ്യൂട്ടി സെക്രട്ടറി
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

I/5280814/2022

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർമാർ
വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.-13) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.